**SUCHITWA MISSION**
Local Self Government Department
Government of Kerala

# മാലിന്യം കത്തിച്ചാൽ പിഴ

മാലിന്യങ്ങൾ പൊതു സ്ഥലത്തു കത്തിക്കുന്നത് ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിരോധിച്ചു. വീഴ്ച വരുത്തുന്നവരിൽ നിന്ന് 25000/-രൂപ വരെ പിഴ ഈടാക്കാനും നിർദ്ദേശം. പരിസ്ഥിതി നഷ്ടപരിഹാരമായാണ് പിഴ ഈടാക്കുന്നതെന്ന് എൻ ജി ടി ചെയർമാൻ ജസ്റ്റീസ് സ്വതന്തർ കുമാർ അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

മാലിന്യ കുമ്പാരങ്ങൾക്കു തീയിടുന്നതും വയലിലെ അവശിഷ്ടങ്ങൾ കത്തിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ചെറിയ തോതിലുള്ള മാലിന്യങ്ങൾ കത്തിക്കുന്ന വ്യക്തിയിൽ നിന്ന് 5000/- രൂപ പിഴ ഈടാക്കും. മാലിന്യ കൂമ്പാരവും വയലിലെ മാലിന്യങ്ങളും കത്തിക്കുന്ന  വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 25000/-രൂപ വരെ പിഴ ഈടാക്കും. 2016 ലെ ഖര മാലിന്യ നിയന്ത്രണ ചട്ടങ്ങളുടെ പരിധിയിൽ നിന്നാണ് പിഴ ഈടാക്കാനുള്ള എൻ ജി ടി നിർദ്ദേശം.

ചട്ടങ്ങൾക്കു കീഴിൽ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച കർമ പദ്ധതി തയ്യാറാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു.
തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ മാലിന്യ നിർമാർജ്ജനത്തിനു സമയബന്ധിത കർമ പദ്ധതിയാണ് തയ്യാറാക്കേണ്ടത്. ചെറിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വിവിധയിനം പ്ലാസ്റ്റിക്കളുടെ നിരോധനം സംബന്ധിച്ച നിർദ്ദേശം ആറു മാസത്തുനുള്ളിൽ നൽകണമെന്ന് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തോടും എൻ ജി ടി ആവശ്യപ്പെട്ടു.

മാലിന്യങ്ങൾ വേർതിരിച്ചു നശിപ്പിക്കാനുള്ള പ്രത്യേക പ്ലാന്റുകൾ നിർമ്മിക്കണം. ഈ പ്ലാന്റുകളുടെ കൃത്യമായ മേൽ നോട്ടവും നടത്തിപ്പും ഉറപ്പു വരുത്തണം. ഖര മാലിന്യ നിർമാർജ്ജനചട്ടം അനുസരിച്ചാണ് പ്ലാന്റുകൾ നിർമ്മിക്കുന്നത്. ഖരമാലിന്യ നിയന്ത്രണം മെച്ചപ്പെടുത്താൻ സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങൾക്കു  നിർദ്ദേശം നൽകണമെന്ന അപേകേഷകൾ പരിഗണിച്ചാണ് എൻ.ജി.ടി ഉത്തരവ്.

ഡയറക്ടർ (ഓപ്പറേഷൻസ്)

Swaraj Bhavan, Basement Floor(-1), Nenthencode , Kowdiar P.O, Thiruvananthapuram – 695003
Ph: 0471-2316730,2319831, Fax:- 0471- 2312730, E-mail : suchitwamission@gmail.com